# നേതൃത്വം നേർവഴിയെയാകട്ടെ

മണ്ണിക്കരോട്ട്

നേതൃത്വം നേർവഴിയെയല്ലെങ്കിൽ നയിക്കപ്പെടുന്നവർ വഴിതെറ്റും. പിന്നെ പല മാർഗ്ഗങ്ങളിലൂടെയായിരിക്കും നീക്കം. പല മാർഗ്ഗങ്ങളിലൂടെ നീങ്ങുമ്പോൾ അനിശ്ചിതത്വവും അസ്ഥിരതയും അനുഭവപ്പെടും. അസ്ഥിരതയിൽ അസ്വസ്ഥ്യതകൾ ഉടലെടുക്കും. അസ്വസ്ഥതകൾ ആശയക്കുഴപ്പത്തിനും ചിന്താക്കുഴപ്പത്തിനും കാരണമാകും. അത് കലഹത്തിലും കയ്യാങ്കളിയിലും കലാശിക്കും. പിന്നെ കോടതിയായിരിക്കും അഭയസ്ഥാനം. ശിഥിലീകരണമായിരിക്കും അടുത്തപടി. അതായത് നേതൃത്വം നേർവഴിയെയല്ലെങ്കിൽ ഒന്നിൽ തുടങ്ങുന്നത് പലതായി പലതിൽ 'പലതു'മായി പരിണമിക്കുന്ന പ്രവണതയായിരിക്കും ഫലം.

നേതൃത്വത്തിലുള്ളവർ അപരാധം അണികളിൽ അടിച്ചേൽപ്പിക്കുക അസാധരണമല്ല. എല്ലാ പ്രശ്നങ്ങൾക്കും പ്രതിസന്ധികൾക്കും കാരണം അണികളാണെന്ന് ആണയിട്ടാവർത്തിക്കും. അപ്പോഴും എല്ലാ ദുഷ്ഫലങ്ങൾക്കും കാരണക്കാരായ നേതാക്കൾ തലപൊക്കി, മുഖം വിടർത്തി, കള്ളനോട്ടംനോക്കി നടക്കും. എന്നാൽ പ്രശ്നങ്ങളുടെ ഉറവിടം എവിടെയാണെന്ന് അവർ മനസ്സിലാക്കുന്നതുമില്ല. അത് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ സംഘടനാപരമായ, പ്രസ്ഥാനപരമായ മിക്കവാറും എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടായേനെ. അതുണ്ടാകണമെങ്കിൽ മറ്റുള്ളവർക്കുനേരെ ഒരു വിരൽ ചൂണ്ടുന്നവർ മറ്റ് നാലുവിരലും തന്നിലേക്കുതന്നെയെന്നു സ്വയം മനസ്സിലാക്കണം. ആദ്യം സ്വയം ശരിയാകുക, പിന്നെ മറ്റുള്ളവരെ ശരിയാക്കുക എന്ന തത്വം ഇവർ അറിയണം.

കുരുടൻ കാഴ്ചയുള്ളവനോട് കണ്ണാടി ധരിക്കാൻ ആവശ്യപ്പെടുന്നതുപോലെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതായത് സ്വയം മനസ്സിലാക്കാൻപോലും കഴിയാത്ത വിവരം കെട്ടവർ തലപ്പത്തിരുന്നുകൊണ്ട് സംഘടനകളെ നയിച്ചാലുണ്ടാകുന്ന അനുഭവം. അതിന്റെ പ്രയാണവും പരിണാമവുമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതും മുകളിൽ പ്രസ്താവിച്ചിട്ടുള്ളതും. അമേരിക്കയിലെ മലയാളികളിൽ ഇത് ഒറ്റപ്പെട്ട സംഭവമല്ല. മിക്ക സംഘടനകളിലും ഇത്തരം ദീർഘവിക്ഷണമില്ലാത്ത, ദിശാബോധമില്ലാത്ത പ്രവർത്തനങ്ങളാണ് കണ്ടുവരുന്നത്.

സമൂഹത്തിന് സംഘടന അനിവാര്യമാണ്. സംഘാതജീവിതമാണ് നരവംശത്തിന്റെ നിലനിൽപിന്റെ കാതൽ. എല്ലാ ജീവിജാലങ്ങളിലും ഈ പ്രതിഭാസം ദൃശ്യമാണ്. ഓരേ വർഗ്ഗത്തിലുള്ളവ ഒരുമിച്ചു ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. മറ്റ് ജീവജാലങ്ങളിൽ ആധിപത്യമുള്ള മനുഷ്യവർഗ്ഗം സംഘാതജീവതത്തിന് മാതൃകയാണ്. ഈ പാരമ്പര്യം ആദിമമനുഷ്യരിൽ തുടങ്ങി ഇന്നോളം നിലനിലക്കുന്നു. സമൂഹത്തിൽ പൊതുതാൽപര്യങ്ങളുയരുമ്പോൾ ഒരു പൊതുവേദി ആവശ്യമായിവരുന്നു. പ്രത്യേകിച്ച് നാടും വീടുംവിട്ട് അന്യരാജ്യത്തായിരിക്കുമ്പോൾ സംഘടിക്കുകയും ഒരുമിച്ചു പ്രവർത്തിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. അങ്ങനെ സംഘടനകൾ രൂപപ്പെടുന്നു. മലയാളികൾ എക്കാലത്തും ഇക്കാര്യത്തിൽ ഏറെ ശുഷ്ക്കാന്തിയുള്ളവരാണെല്ലോ.

അങ്ങനെയുള്ള സംഘടകൾക്ക് തങ്ങളുടെ ആവശ്യാനുസരണം ചിന്തകൾ രൂപപ്പെടാനും അതനുസരിച്ച് പ്രവർത്തിക്കാനും കഴിയണം. എവിടെയും പ്രത്യേകിച്ച്, അന്യരാജ്യത്ത് തങ്ങളുടേതായ ആവശ്യങ്ങളും അർഹമായ ആനുകൂല്യങ്ങളും നേടിയെടുക്കാൻ കഴിയണം. അങ്ങനെ നോക്കുമ്പോൾ കേരളം വിട്ട് മലയാളികൾ കൂട്ടമായി പാർക്കുന്നിടങ്ങളിൽ അവരുടെതായ കൂട്ടായ്മയ്ക്ക് പ്രസക്തി വളരെയേറെയാണ്. പ്രത്യേകിച്ച് സ്ഥിരതാമസക്കാരായ പ്രവാസികൾക്കും, തുല്യസ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ള അമേരിക്കയിലെ ഓരോ സമൂഹത്തിനും പൊതുസംഘടനകൾ അനിവാര്യമാണ്. തങ്ങൾക്കനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങളും അവകാശങ്ങളും അറിയാതെ സ്ഥിരതാമസമാക്കുന്നവർക്ക് ഇത്തരം സംഘടനകൾ പ്രയോജനപ്പെടണം.

അമേരിക്കയിൽ മലയാളികളെ സംബന്ധിച്ചിടത്തോളം മറ്റെന്തു കുറവുണ്ടെങ്കിലും സംഘടനകൾക്കുമാത്രം കുറവില്ല. അത് പിളർന്നും വളർന്നും, വളർന്നും പിളർന്നും പെരുകുകയാണ്. എല്ലാസംഘടനകളും തങ്ങളുടെ പാരമ്പര്യം നിലനിർത്തുക എന്ന പ്രധാന ലക്ഷ്യം മുന്നിൽവച്ചുകൊണ്ടാണ് രൂപം കൊള്ളുന്നത്. എന്നാൽ തങ്ങളുടെ കർമ്മഭൂമിയിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചൊ തങ്ങൾക്കു ലഭിക്കാവുന്ന ആനുകൂല്യങ്ങളെക്കുറിച്ചൊ ആർക്കും ചിന്തയില്ല. അതേക്കുറിച്ച് അറിഞ്ഞാൽതന്നെ മൗനം പാലിക്കുന്ന രീതിയാണ് സാധാരണ കണ്ടുവരുന്നത്. എന്തോ, തങ്ങൾക്കു അർഹമായ ആനുകൂല്യങ്ങൾ ചോദിച്ചുവാങ്ങാൻ ഒരു നേതാക്കളും മുമ്പോട്ടു വരുന്നില്ല. അതിന് അവരെക്കൊണ്ട് കഴിയുന്നില്ല, അതിനുള്ള ശേഷി അവർക്കില്ല എന്നൊക്കെപറയുന്നതായിരിക്കും കൂടുതൽ ശരി. എന്നാൽ നാട്ടിലെ നേതാക്കളെ കാണാനും അവരുമായി പടമെടുത്ത് പ്രസിദ്ധീകരിച്ച് വൻവാർ

ത്തയാക്കാനും ഇക്കൂട്ടരുടെ വിരുത് ഒന്നു വേറെതന്നെ.

ആദ്യകാലങ്ങളിൽ (1970–കൾ മുതലാണ് അമേരിക്കയിൽ മലയാളികൾ ഒരു സമൂഹമായി വളരാൻ തുടങ്ങിയത്) അമേരിക്കയിലെ വിവിധ നഗരങ്ങളിൽ വളരെ ലളിതമായ രീതിയിൽ സംഘടനകൾ രൂപപ്പെടാൻ തുടങ്ങി. സമൂഹം വളരുന്നതോടെ സംഘടനകൾ വളർന്നില്ല. എന്നാൽ അതിന്റെ എണ്ണം വളരാൻ തുടങ്ങി. സാമൂഹ്യ–സാംസ്ക്കാരിക സംഘടനകളിൽ തുടങ്ങിയത് വ്യക്തികളുടെ വിവിധ വാസനകൾക്കൊത്ത് പ്രത്യേക കൂട്ടങ്ങളുണ്ടായി. അതായത് കലാ–കായിക–സാഹിത്യ സംഘടനകൾ. പിന്നീട് പലരും തങ്ങളുടെ നാട്ടിലെ തൊഴിലിനനുസരിച്ച് സംഘടനകളുണ്ടാക്കി. അടുത്തപടിയായിരുന്നു അമേരിക്കയിലെ ജോലിക്കനുസരിച്ച് സംഘടനകൾ. അതുകഴിഞ്ഞ് ഇനിയും എങ്ങനെ സംഘനകളുണ്ടാക്കാമെന്ന ചിന്തയായി. അതിന്റെ ഫലമായി നാട്ടിലെ ഓരോ ജില്ലയ്ക്കും നഗരത്തിനും സംഘടനകളുണ്ടായി. അതൊക്കെ വീണ്ടും ചുരുങ്ങിച്ചുരുങ്ങി നാട്ടിലെ ഓരോ മുക്കിനും മൂലയിലും താമസിച്ചിരുന്നവർക്ക് പ്രത്യേകം സംഘടനകളായി. ചുരുക്കത്തിൽ കേരളത്തിൽനിന്ന് ഇൻഡ്യൻ പൗരന്മാരിയ കുടിയേറിയ മലയാളികൾ നമ്മുടെ നേതാക്കളുടെ സഹായംകൊണ്ട് ഇന്ന് കേരളത്തിലെ ഏതൊ ഒരുപിടി മണ്ണിന്റെ പൗരന്മാരായി മാറിയിരിക്കുന്നു.

അമേരിക്കയിൽ രണ്ടുമൂന്നു പതിറ്റാണ്ടുകൾ പിന്നിട്ട് അൽപസ്വൽപം പണവുമായി (ഏറിയപങ്കും ഭാര്യമാർ കഷ്ടപ്പെട്ടു സമ്പാദിച്ചത്) വീട്ടിലെ പ്രാരാബ്ധങ്ങളും കുറഞ്ഞപ്പോൾ പിന്നെ പലർക്കും നേതാവാകാൻ മോഹം. അത് ദേവാലയങ്ങളിൽ കലഹമുണ്ടാക്കിയും, സമൂഹത്തിൽ സംഘടനകൾ പിളർത്തിയും പുത്തൻ സംഘടനകൾ രൂപപ്പെടുത്തിയും സാധിച്ചു. അതുകാരണം സമൂഹത്തിൽ എവിടെത്തിരിഞ്ഞാലും പ്രസിഡന്റ്, സെക്രട്ടറി അങ്ങനെ നേതാക്കളായി. പല സംഘടനകളും തുടങ്ങുന്നതുതന്നെ ഒടുക്കത്തിന്റെ തുടക്കത്തോടായിരിക്കും. പലതും കടലാസിൽ ഒതുങ്ങുന്നു. ചിലതെങ്കിലും ഒറ്റയാൻ സംഘടനയായിരിക്കും.

ഇനിയും സ്ഥായിയായ ഏതെങ്കിലും സംഘടനകളുണ്ടെങ്കിലോ? അവിടെ സമ്പത്തും അല്ലറചില്ലറ കൂട്ടുകെട്ടും പിന്നെ ചില കണ്ണുകെട്ടുവിദ്യകളും പാരയും പരദൂഷണങ്ങളും കൂട്ടിക്കലർത്തി തുലനചെയ്യുന്ന നേതൃത്വമായിരിക്കും. അവിടെ സ്വാർത്ഥമോഹങ്ങളും സ്ഥാപിതതാൽപര്യങ്ങളും ഭരിക്കും. അവിടെ നേതാക്കളെന്നുപറയുന്നവർക്ക് എന്തും ചെയ്യാമെന്ന അഹങ്കാരം. പത്തുനാൽപത് വർഷം മുമ്പ് കഴിയാതിരുന്നത് ഇപ്പോഴെങ്കിലും ഒപ്പിയ്ക്കാമെന്ന അതിമോഹം. അപ്പോൾ സ്വന്തം വാർത്തയും ചിത്രവും പത്രത്താളുകളിൽ പ്രത്യക്ഷപ്പെടും. അത് മറ്റുള്ളവർ കാണുമ്പോൾ താനും ഒരു തലയെടുത്ത ആളായി മാറിയെന്ന ചിന്ത. അതാണെല്ലോ എല്ലാം. അതുകൊണ്ട് നയിക്കുകതന്നെ.

ഇത്തരം ദീർഘദൃഷ്ടിയില്ലാത്ത, ലക്ഷ്യബോധമില്ലാത്ത പ്രതിഭാസത്തിന്റെ പ്രതിഫലനങ്ങളാണ് സമൂഹത്തിൽ സാംസ്ക്കാരികാധഃപതനമായി രൂപാന്തരപ്പെടുന്നത്. കുറച്ചെങ്കിലും പ്രവർത്തിക്കുന്ന ഏതെങ്കിലും സംഘടനകളുണ്ടെങ്കിലോ? അവിടെ കഴിവും പ്രാപ്തിയുമുള്ളവരെ തള്ളിമാറ്റിക്കൊണ്ട് ഒരു കൂട്ടർ നേതാക്കളെന്ന പേരിൽ തള്ളിക്കയറുന്നു. ഇടിച്ചും ഇഴഞ്ഞും ഇരന്നും കയറുന്ന പിന്നോക്ക ചിന്താഗതിക്കാരായ ഇക്കൂട്ടരിൽ നേതൃപാടവം എങ്ങനെ ഉണ്ടാകാൻ? അവിടെയാണ് സംസ്ക്കാരം വികൃതമാകുന്നതും സമൂഹം ശിഥിലമാകുന്നതും. അമേരിക്കയിലെ മലയാളികളുടെ പത്രപ്രവർത്തനരംഗത്തും ഇത്തരം അപക്വവും വികൃതവുമായ പ്രവണതകൾ വിരളമല്ല. പത്രപ്രവർത്തനം എന്താണെന്നറിയാത്തവരും ഒരു പത്രംപോലും വായിക്കാത്തവരും പത്രാധിപരാകുന്നു. ഇത് അപഥസഞ്ചാരമാണ്.

നേതൃത്വം നേർവഴിയെയാകണമെങ്കിൽ ആദ്യം നേതൃത്വം എന്താണെന്നു മനസ്സിലാക്കണം. അമേരിക്കയുടെ മുപ്പത്തിമൂന്നാമത്തെ പ്രസിഡൻട് ഹാരി ട്രൂമൻ നേതൃത്വത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു. “Men make history not the other way around. In periods there is no leadership, society stands still. Progress occours when courageous, skillful seize the opportunity to change things for the better.” (മനുഷ്യർ ചരിത്രം സൃഷ്ടിക്കുന്നു; അല്ലാതെ ചരിത്രം മനുഷ്യനെ സൃഷ്ടിക്കുന്നില്ല. നേതൃത്വമില്ലാത്ത (ശരിയായ നേതൃത്വം) സമൂഹം നിശ്ചലമാണ്. തന്റേടമുള്ളവരും കഴിവുള്ളവരും അവസരങ്ങൾ നന്മയ്ക്കുവേണ്ടി തക്കത്തിലുപയോഗിക്കുമ്പോഴാണ് വികസനം ഉണ്ടാകുന്നത്.) താല്ക്കാലികമായ അല്ലെങ്കിൽ ഉപരിപ്ലവമായ നേട്ടത്തിനൊ പ്രശസ്തിയ്ക്കൊവേണ്ടി നെട്ടോട്ടമോടാത് സമൂഹത്തെ പുരോഗതിയിലേക്കു നയിക്കണം.

നേതൃനിരയിൽ പ്രവർത്തിക്കണമെങ്കിൽ നൈസർഗ്ഗിക വാസനയും പക്വതയും പരിശീലനവും വേണം. അറിവു പകരുന്ന പുസ്തകങ്ങൾ വായിക്കണം. അങ്ങനെയുള്ള നേതൃത്വത്തിന് നേർവഴികണ്ടെത്താൻ കഴിയും. അപ്പോൾ സമൂഹത്തിൽ പുരോഗമനമുണ്ടാകുകയും സമൂഹത്തിന്റെ യെശസ് ഉയരുകയും ചെയ്യും. ഈ മാറ്റമാണ് നമുക്ക് വേണ്ടത്.